ഉപഭോക്താക്കൾക്ക് തുടർന്നും പഴയ നിരക്കിൽതന്നെ മീറ്റർ വാടക തുടരാനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് പുതിയതായി മീറ്റർ മാറ്റിസ്ഥാപിക്കേണ്ടിവരുന്നപക്ഷം പുതിയ മീറ്ററുകൾക്ക് പുതിയ നിരക്കിൽ മീറ്റർ വാടക നൽകണമെന്ന് വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങിവയ്ക്കുകയാണെങ്കിൽ ടി. ഉപഭോക്താക്കളെ മീറ്റർ വാങ്ങിവയ്ക്കുന്ന തീയതി മുതൽ മീറ്റർ വാടകയിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ് മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് തെരഞ്ഞെടുത്ത ഓഫീസുകളിൽനിന്നും റിലയ്ക്ക് ലഭ്യമാക്കുന്നതാണ്.

തെറ്റായ രീതിയിലുള്ള വൈദ്യുതി ഉപയോഗം

45 (6496) ശ്രീ. വി. ഡി, സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ തെറ്റായരീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) ഇങ്ങനെയുള്ള തെറ്റുകൾ ക്രമപ്പെടുത്താൻ ഉപഭോക്താക്കൾക്ക് അവസരം നൽകാൻ വൈദ്യുതി ബോർഡ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം തെറ്റുകളാണ് ഈ പദ്ധതി പ്രകാരം ക്രമപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുതപദ്ധതി എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ തെറ്റായ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എ.പി.റ്റി.എസ്.-ന്റെ 13 സ്ക്വാഡുകൾ ഉപഭോക്താക്കളുടെ മീറ്ററും അനുബന്ധ ഉപകരണങ്ങളും കണക്ടഡ് ലോഡും പരിശോധിക്കുന്നതിന് ഒരു സവിശേഷ സംവിധാനമായി നിലവിലുണ്ട്. ഇതുകൂടാതെ ഇലക്ട്രിക്കൽ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തുന്നുണ്ട്. പരിശോധനയിൽ ഉപഭോക്താക്കൾ തെറ്റായരീതിയിൽ വൈദ്യുതി ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ വൈദ്യുതി നിയമം 2003 സെക്ഷൻ 126 അനുശാസിക്കുന്ന രീതിയിൽ പിഴ ഈടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) ഇങ്ങനെയുള്ള തെറ്റുകൾ ക്രമപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു ഉത്തരവ് വൈദ്യുതി ബോർഡ് ഇറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ [B.O. (FB) No. 2518/2013 dated 28-11-2013 (KSEB/TRAC/S Code/R2/2009) പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.* വിശദാംശങ്ങൾ ടി ഉത്തരവിൽ പരാമർശിക്കുന്നു.

പുതിയ വൈദ്യുതി കണക്ഷന് വർദ്ധിപ്പിച്ച മീറ്റർവാടക

46 (6497) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നവർക്ക് മീറ്റർ വാടക നിരക്കിൽ വർദ്ധനവ് വരുത്തുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങളും അപ്രകാരം വർദ്ധനവു വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാനുണ്ടായ സാഹചര്യങ്ങളും വ്യക്തമാക്കുമോ ;

(സി) വൈദ്യുതി നിരക്ക് വർദ്ധനവുമൂലമുണ്ടായിട്ടുള്ള അധികഭാരം തന്നെ ഉപഭോക്താക്കൾക്ക് താങ്ങാനാകാത്ത സാഹചര്യത്തിൽ മീറ്റർ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഒഴിവാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് 2002-നുശേഷം മീറ്ററിന്റെ വാടക വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ടി. കാലയളവിൽ സിംഗിൾ ഫേസ് മീറ്ററുകളുടെയും ത്രീഫേസ് മീറ്ററുകളുടെയും വിലയിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2001-02 കാലയളവിൽ സിംഗിൾ ഫേസ് മീറ്ററിന്റെ വില 250 മുതൽ 300 രൂപവരെ ഉണ്ടായിരുന്നത് ഇപ്പോൾ 700 മുതൽ 800 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. കൂടാതെ ത്രീഫേസ് മീറ്ററുകളുടെ വില 2001-02 കാലയളവിൽ കേവലം 750 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 2100 മുതൽ 2,200 രൂപയിലേക്ക് വർദ്ധിച്ചിട്ടുണ്ട്. ടി. വർദ്ധനവ് കണക്കിലെടുത്ത് പുതുതായി കണക്ഷനെടുക്കുന്ന ഉപഭോക്താക്കൾക്ക് സിംഗിൾ ഫേസ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 10 രൂപയിൽനിന്നും 20 രൂപയായി വർദ്ധിപ്പിക്കാനും ത്രീ ഫെയ്സ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 20 രൂപയിൽനിന്നും 50 രൂപയായി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപഭോക്താക്കൾക്ക് തുടർന്നും പഴയ നിരക്കിൽ തന്നെ മീറ്റർ വാടക തുടരാനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് പുതിയതായി മീറ്റർ മാറ്റിസ്ഥാപിക്കേണ്ടി വരുന്നപക്ഷം പുതിയ മീറ്ററുകൾക്ക് പുതിയ നിരക്കിൽ മീറ്റർ വാടക നൽകണമെന്ന് വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങിവയ്ക്കുകയാണെങ്കിൽ ടി. ഉപഭോക്താക്കളെ മീറ്റർ വാങ്ങിവയ്ക്കുന്ന തീയതിമുതൽ മീറ്റർ വാടകയിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly